പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1812 04.12.2015 - ൽ മറുപടിക്ക്

## വാർദ്ധക്യകാല പെൻഷൻ

ചോദ്യം

ശ്രീ.ഇ.പി.ജയരാജൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്രപേർക്കാണ് വാർദ്ധക്യകാല പെൻഷൻ അനുവദിച്ച് നൽകിയിട്ടുള്ളത് ; | (എ) | 1253563 വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളുണ്ട്. |
| (ബി) | 2011 മെയ് മാസത്തിൽ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം എത്ര രൂപയായിരുന്നു ; | (ബി) | 2011 മെയ് മാസത്തിൽ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 400/- രൂപയായിരുന്നു. |
| (സി) | ഇപ്പോൾ വാർദ്ധക്യകാല പെൻഷൻ എത്ര രൂപയാണ് ; എത്ര മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ട് ; | (സി) | നിലവിൽ വാർദ്ധക്യകാല പെൻഷൻ 60 വയസ്സ് മുതൽ 79 വയസ്സുവരെയുള്ളവർക്ക് പ്രതിമാസം 600/- രൂപയും 80 വയസ്സും അതിനു മുകളിലും പ്രായമുള്ളവർക്ക് 1200/- രൂപയും നൽകി വരുന്നു. ക്ഷേമ പെൻഷനുകൾ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പ്രകാരത്തിലാണ് കുടിശ്ശിക യായിട്ടുള്ളത്. 2014 സെപ്റ്റംബർ മാസം മുതൽ 2015 ജനുവരി മാസം വരെ പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. |
| (ഡി) | പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത് ? | (ഡി) | വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്യുന്നതിനായി 3660921915/- രൂപ വേണ്ടിവരും. |

സെക്ഷൻ ഓഫീസർ